**DIRECTORATE OF AGRICULTURE DEVELOPMENT AND FARMERS' WELFARE**
**VIKAS BHAVAN, THIRUVANANTHAPURAM -695 033**
☎ 0471-2304480 📠 0471-2304230 ✉ krishidirector@gmail.com

**TS (1)10562/2018**
**29/01/2021**

പ്രേഷകൻ

ഡയറക്ടർ,
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്,

സ്വീകർത്താവ്

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ

സർ,

വിഷയം: - കൃഷി വകുപ്പ്- ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി- പുതിയ അംഗങ്ങളെ ചേർക്കുന്നത്- സർക്കാരിന്റെ അനുമതി ലഭിച്ചത്- അനന്തര നടപടികൾക്കായി നൽകുന്നത് സംബ.

സൂചന: - സർക്കാർ ഉത്തരവ് (കൈ) നം.8/ 2021/കൃഷി തീയ്യതി 27/01/2021

സൂചനയിലെ ഉത്തരവ് പ്രകാരം ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ പുതുതായി ചേർക്കേണ്ട **3197** എണ്ണം കർഷകരുടെകൂടി സാക്ഷ്യപ്പെടുത്തിയ ലിസ്റ്റിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ ലിസ്റ്റിലുള്ള കർഷകരെ കൂടി സേവന പെൻഷൻ പോർട്ടലിൽ ഉൾപ്പെടുത്തുന്നതിന് കൃഷി ഭവനുകൾക്ക് നിർദ്ദേശം നൽകി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. കർഷകരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൂടി നൽകുന്നു.

1. മേൽ ഉത്തരവിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
2. സർക്കാർ അംഗീകരിച്ച ലിസ്റ്റിലുള്ള കർഷകരെ മാത്രമേ സേവന പോർട്ടലിൽ ഉൾപ്പടുത്താൻ പാടുള്ളൂ.
3. സേവന പോർട്ടലിൽ ഉൾപ്പടുത്തുന്ന കർഷകർക്ക് മറ്റ് പെൻഷനുകൾ ഇല്ല എന്ന് ഉറപ്പാക്കേണ്ടതാണ്.
4. ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയുടെ നിലവിലെ ഉത്തരവുകൾ പ്രകാരം അർഹരായ കർഷകരെ മാത്രമേ സേവന പോർട്ടലിൽ ഉൾപ്പടുത്താൻ പാടുള്ളൂ.

ഇതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകുന്നു. ഈ നടപടികളുടെ ജില്ലാ തല മേൽനോട്ട ചുമതല അതാത് കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ക്രെഡിറ്റ്) ക്കായിരിക്കും . ഇതിന്റെ ജില്ലാ തല പൂർത്തീകരണ റിപ്പോർട്ട് ഈ ഓഫീസിലേക്ക് നൽകേണ്ടതാണ്.

വിശ്വസ്തതയോടെ

for കൃഷി ഡയറക്ടർ

Additional Director of Agriculture (Extension)
Directorate of Agriculture
Thiruvananthapuram-33

ഉള്ളടക്കം

സൂചനയിലെ ഉത്തരവ്

പകർപ്പ്

എല്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും , കൃഷി ഓഫീസർമാർക്കും

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി - പുതിയ അംഗങ്ങളെ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി(ആസൂത്രണം-ബി) വകുപ്പ്**

**സ.ഉ.(കൈ) നം.8/2021/കൃഷി** തീയതി, തിരുവനന്തപുരം, 27/01/2021

---

പരാമർശം:- 1 സ.ഉ(എം.എസ് ) നം.26/2012, തീയതി 13.02.2012

2 സ.ഉ(എം.എസ് ) നം.28/2017, തീയതി 03.03.2017

3 സ.ഉ(എം.എസ് ) നം.84/2017, തീയതി 07.07.2017

4 സ.ഉ(എം.എസ് ) നം.39/2019, തീയതി 06.03.2019

5 കൃഷി ഡയറക്ടറുടെ 20.10.2020 തീയതിയിലെ റ്റി.എസ്(1)10562/2018 നമ്പറായ കത്ത്

<u>ഉത്തരവ്</u>

ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ പദ്ധതി പ്രകാരം കർഷക പെൻഷൻ വാങ്ങുന്നവരിലെ അനർഹരെ ഒഴിവാക്കി അർഹരായവർക്ക് മാത്രം കർഷക പെൻഷൻ വാങ്ങുന്നതിന് പരാമർശം (1) ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി പരാമർശം (2), (3), (4) ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) ഉത്തരവ് പ്രകാരം ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയുടെ നിലവിലുള്ള മാനദണ്ഡ പ്രകാരം അർഹതയുള്ള, നിലവിൽ 60 വയസ്സ് പൂർത്തിയാക്കിയ 3197 പുതിയ കർഷകരെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകുന്നതിനായി പരാമർശം (5) പ്രകാരം സാക്ഷ്യപ്പെടുത്തിയ പട്ടിക സഹിതം കൃഷി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയുടെ നിലവിലുള്ള മാനദണ്ഡ പ്രകാരം അർഹതയുള്ള, നിലവിൽ 60 വയസ്സ് പൂർത്തിയാക്കിയ താഴെ സൂചിപ്പിച്ചിട്ടുള്ള കൃഷി ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ പട്ടിക പ്രകാരമുള്ള 3197 പുതിയ കർഷകരെ കൂടി താഴെ കൊടുത്തിട്ടുള്ള വ്യവസ്ഥകൾക്ക് കൂടി വിധേയമായി, അപേക്ഷ സമർപ്പിച്ച തീയതി മുതൽ, ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കൃഷി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പുതുതായി ചേർക്കേണ്ട 3197 കർഷകരുടെ സാക്ഷ്യപ്പെടുത്തിയ പട്ടിക പ്രകാരം ജില്ല തിരിച്ചുള്ള എണ്ണവും കർഷക പെൻഷൻ ഗുണഭോക്താക്കൾ പാലിക്കേണ്ട വ്യവസ്ഥകളും ചുവടെ ചേർക്കുന്നു.

| ജില്ല | പുതുതായി ചേർക്കേണ്ട പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 97 |
| കൊല്ലം | 30 |
| പത്തനംതിട്ട | 175 |
| ആലപ്പുഴ | 96 |
| കോട്ടയം | 405 |
| എറണാകുളം | 212 |
| ഇടുക്കി | 162 |
| തൃശ്ശൂർ | 270 |
| പാലക്കാട് | 408 |
| മലപ്പുറം | 307 |
| കോഴിക്കോട് | 157 |
| വയനാട് | 136 |
| കണ്ണൂർ | 146 |
| കാസർഗോഡ് | 596 |
| ആകെ | **3197** |

**<u>വ്യവസ്ഥകൾ</u>**

1. കർഷക പെൻഷൻ ലഭിക്കുന്നതിനുള്ള നിലവിലെ മാനദണ്ഡങ്ങൾ പാലിക്കണം.
2. മറ്റ് ക്ഷേമ നിധി ബോർഡുകളുടെ പെൻഷൻ വാങ്ങുവാൻ പാടുള്ളതല്ല.
3. വികലാംഗ പെൻഷൻ ഒഴികെയുള്ള സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുവാൻ പാടില്ല. വികലാംഗ പെൻഷൻ വാങ്ങുന്ന ഗുണ ഭോക്താക്കൾ ക്ഷേമ നിധി/സാമൂഹ്യസുരക്ഷ/ഇപിഎഫ്) തുടങ്ങിയ പെൻഷനുകളിൽ വികലാംഗ പെൻഷൻ ഉൾപ്പെടെ രണ്ടിൽ കൂടുതൽ പെൻഷൻ വാങ്ങുന്നില്ല എങ്കിൽ അവർക്ക് മാസം 600 രൂപ നിരക്കിൽ കർഷക പെൻഷൻ അനുവദിക്കുന്ന തീയതി മുതൽ സാമൂഹ്യ സുരക്ഷ പെൻഷന് അർഹതയുണ്ടായിരിക്കും..
4. മാസത്തിൽ 2000 രൂപയിൽ അധികരിക്കാതെ പെൻഷൻ വാങ്ങുന്നവരും മറ്റു ക്ഷേമ ബോർഡ്/സാമൂഹ്യ സുരക്ഷ പെൻഷനൊന്നും ഒന്നും വാങ്ങാത്തവരുമായ ഇ.പി എഫ് പെൻഷനുകാർക്ക് സാധാരണ നിരക്കിൽ കർഷക പെൻഷൻ ലഭിക്കുന്നതായിരിക്കും.

179

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷാജൻ്.എ**
**ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ / ഓഡിറ്റ്)

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും. (കൃഷി ഡയറക്ടർ മുഖാന്തിരം)

ധനകാര്യ (അഗ്രി-ബി) വകുപ്പ് (അഗ്രി-ബി1(എസ്.എഫ്.സി-ബി) 177/2019-ധന തീയതി 23.11.2020 പ്രകാരം)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ( സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by MAYA P
Date: 2021.01.2[illegible]
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ് - ന്
കാർഷികോല്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ -യ്ക്ക്
കൃഷി വകുപ്പ് സെക്രട്ടറിയുടെ സി.എ - യ്ക്ക്